## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 441 — 10.03.2015-ൽ മറുപടിക്ക്

### പെരുങ്ങാല സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ സദാശിവൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടതും 6425 അംഗങ്ങൾ യും ഉള്ളതും, പ്രവർത്തന മൂലധനം 28.5 കോടി രൂപയുള്ളതും, നിലവിൽ യും 15% ലാഭവിഹിതവും നൽകിവരുന്ന പെരുങ്ങാല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2152 പ്രഭാതസായാഹ്ന ശാഖയ്ക്ക് 17-2-2014 ലും, പുതിയ ബ്രാഞ്ച് ആരംഭിക്കുന്ന 19-7-2014 ലും ആലപ്പുഴ ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) പെരുങ്ങാല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2152 ന് ഒരു പ്രഭാത സായാഹ്ന ശാഖ ആരംഭിക്കുന്നതിനുള്ള അപേക്ഷ 17.02.2014-ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ലഭിച്ചിരുന്നുവെങ്കിലും ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ അരൂർ നിയോജകമണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസറായി പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിൽ ഈ ഫയലിൽ തുടർ നടപടി ലോക്സഭ തിരഞ്ഞെടുപ്പ് നടപടി പൂർത്തിയായതിനുശേഷമാണ് ആരംഭിച്ചത്. തുടർന്ന് ഈ ഫയലിലെ ന്യൂനത പരിഹരിച്ച് നല്കുന്നതിനായി മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖേന നടപടി സ്വീകരിക്കുകയും 05.02.2015-ൽ ജോയിന്റ് സർവ്വേ നടത്തുകയും ആയതിന്റെ |
| (ബി) പുതിയ ബ്രാഞ്ചിനും, പ്രഭാതസായാഹ്ന ശാഖയ്ക്കും എല്ലാ ഭൗതിക | |

| | |
|---|---|
| സാഹചര്യങ്ങളും ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ ബാങ്കിന്റെ പുതിയ ബ്രാഞ്ചും പ്രഭാതസായാഹ്ന ശാഖയും ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | അടിസ്ഥാനത്തിൽ 04.03.2015 ൽ പ്രഭാത സായാഹ്ന ശാഖ അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ ബാങ്കിന്റെ പുതിയ ശാഖ വളഞ്ഞ നടക്കാവിൽ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ ന്യൂനത പരിഹരിച്ച് ജോയിന്റ് സർവ്വെ ഉൾപ്പെടെയുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ